**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3811** **09-10-2025 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ അസാപ് സ്കിൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വെന്നിയൂർ ജി. എം. യു. പി. സ്കൂളിൽ ആരംഭിക്കുന്നതിന് പ്രവൃത്തി ഉദ്ഘാടനം നടത്തിയതും പിന്നീട് ചില സാങ്കേതിക കാരണങ്ങളാൽ എടരിക്കോട് പഞ്ചായത്തിലെ ഗവ. വനിത പോളിടെക്നിക് കോളേജിലേക്ക് മാറ്റി പ്രവൃത്തി ആരംഭിക്കുന്നതിന് തിരൂരങ്ങാടി നിയോജകമണ്ഡലം എം. എൽ. എ. നിർദേശിച്ചതുമായ അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി - കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനപരിശീലനം നൽകി തൊഴിൽ സജ്ജരാക്കാൻ 2012-ലാണ് പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത പദ്ധതിയായി അസാപ് ആരംഭിക്കുന്നത്. 2014 - ഇൽ പദ്ധതിക്ക് ഏഷ്യൻ ഡെവല പ്മെന്റ് ബാങ്കിന്റെ ധനസഹായം ലഭിക്കുകയുണ്ടായി. എ.ഡി.ബിയുമായുള്ള വായ്പകരാർ പ്രകാരം ലോകനിലവാരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാകേണ്ടതാണ്. 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണത്തിനാണ് സ്ഥല ലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ അനുമതി ലഭിച്ചിരുന്നത്.<br><br>മലപ്പുറം ജില്ലയിലെ തിരുരങ്ങാടി മണ്ഡലത്തിൽ, അസാപ് സ്കിൽ പാർക്ക് ആദ്യം വെന്നിയൂർ ഗവൺമെന്റ് യു,പി സ്കൂൾ സമീപത്തും പിന്നീട് പ്രാദേശിക എതിർപ്പുകൾ കാരണം പുതുപ്പറമ്പ് ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജ് ഭാഗത്തേക്കും നിർദ്ദേശിക്കപ്പെട്ടെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല. ഇതുമായി ബന്ധപ്പെട്ട C4/104/2016/HEDN എന്ന ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ തീർപ്പാക്കിയിട്ടുണ്ട്.<br><br>ആദ്യഘട്ടത്തിൽ 9 സ്കിൽ പാർക്കുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും വായ്പാകരാർ പ്രകാരം പദ്ധതി സമയബന്ധിതമായി തീർക്കേണ്ടതിനാൽ, പിന്നീട് സ്കിൽ പാർക്കുകൾ നിർമ്മിക്കുവാനുള്ള ഭൂമി അസാപ്പിന് വിട്ടു കിട്ടിയ മുൻഗണനാക്രമത്തിൽ ഏഴ് സ്ഥലങ്ങളിൽ കൂടി ആരംഭിക്കുകയുമായിരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ട 16 പാർക്കുകളിൽ 2 പാർക്കുകൾ (പാണ്ടിക്കാട്, തവനൂർ) മലപ്പുറം ജില്ലയിൽ നിർമ്മാണം പൂർത്തിയായി പ്രവർത്തിക്കുന്നുണ്ട്. നിർമാണാനുമതി ലഭിച്ച 16 സ്കിൽ പാർക്കുകളുടെയും നിർമ്മാണം പൂർത്തീകരിച്ച പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ഏത് ഓഫീസിലാണ്; ഫയൽ നമ്പർ സഹിതം വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി - കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനപരിശീലനം നൽകി തൊഴിൽ സജ്ജരാക്കാൻ 2012-ലാണ് പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത പദ്ധതിയായി അസാപ് ആരംഭിക്കുന്നത്. 2014 - ഇൽ പദ്ധതിക്ക് ഏഷ്യൻ ഡെവല പ്മെന്റ് ബാങ്കിന്റെ ധനസഹായം ലഭിക്കുകയുണ്ടായി. എ.ഡി.ബിയുമായുള്ള വായ്പകരാർ പ്രകാരം ലോകനിലവാരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാകേണ്ടതാണ്. 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണത്തിനാണ് സ്ഥല ലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ അനുമതി ലഭിച്ചിരുന്നത്.<br><br>മലപ്പുറം ജില്ലയിലെ തിരുരങ്ങാടി മണ്ഡലത്തിൽ, അസാപ് സ്കിൽ പാർക്ക് ആദ്യം വെന്നിയൂർ ഗവൺമെന്റ് യു,പി സ്കൂൾ സമീപത്തും പിന്നീട് പ്രാദേശിക എതിർപ്പുകൾ കാരണം പുതുപ്പറമ്പ് ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജ് ഭാഗത്തേക്കും നിർദ്ദേശിക്കപ്പെട്ടെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല. ഇതുമായി ബന്ധപ്പെട്ട C4/104/2016/HEDN എന്ന ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ തീർപ്പാക്കിയിട്ടുണ്ട്.<br><br>ആദ്യഘട്ടത്തിൽ 9 സ്കിൽ പാർക്കുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും വായ്പാകരാർ പ്രകാരം പദ്ധതി സമയബന്ധിതമായി തീർക്കേണ്ടതിനാൽ, പിന്നീട് സ്കിൽ പാർക്കുകൾ നിർമ്മിക്കുവാനുള്ള ഭൂമി അസാപ്പിന് വിട്ടു കിട്ടിയ മുൻഗണനാക്രമത്തിൽ ഏഴ് സ്ഥലങ്ങളിൽ കൂടി ആരംഭിക്കുകയുമായിരുന്നു.<br><br>സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ട 16 പാർക്കുകളിൽ 2 പാർക്കുകൾ (പാണ്ടിക്കാട്, തവനൂർ) മലപ്പുറം ജില്ലയിൽ നിർമ്മാണം പൂർത്തിയായി പ്രവർത്തിക്കുന്നുണ്ട്. നിർമാണാനുമതി ലഭിച്ച 16 സ്കിൽ പാർക്കുകളുടെയും നിർമ്മാണം പൂർത്തീകരിച്ച പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ